(എ) സർക്കാർ ആശുപത്രികളിലെ ജൈവാവശിഷ്ടങ്ങളുടെ സംസ്കരണ സംവിധാനത്തിനായി 2005-06-ലെ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) ആശുപത്രികളിൽനിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ രോഗം പരത്തുന്നവ ആകയാൽ അടിയന്തിരമായി അവ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(സി) ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാലിന്യങ്ങളുടെ സംസ്കരണത്തിന് കൂടുതൽ തുക അനുവദിക്കാൻ തയ്യാറാവുമോ?

ഉത്തരം

(എ) 2005-2006-ലെ ബഡ്ജറ്റിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ജൈവാവശിഷ്ട സംസ്കരണത്തിനായി 1 കോടി 6 ലക്ഷം രൂപയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിലെ ജൈവാവശിഷ്ട സംസ്കരണത്തിനായി 50 ലക്ഷം രൂപയും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കായി 5.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളിലെല്ലാം ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ട്. നൂറോ അതിലധികമോ കിടക്കകളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും സംസ്ഥാന മലിനീകരണനിയന്ത്രണബോർഡിന്റെ മാനദണ്ഡങ്ങൾക്കനുസരണമായുള്ള ജൈവ മാലിന്യ സംസ്കരണ സൗകര്യം ഏർപ്പെടുത്തിന്നതിനായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള ബ്രാഞ്ചിന്റെ കീഴിലുള്ള സംഘടനയായ 'ഇമേജു'മായി ചേർന്ന് സംസ്ഥാന സർക്കാർ ഒരു ധാരണാപത്രം ഒപ്പുവച്ചു കഴിഞ്ഞു.

(സി) ഉണ്ട്. അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആശുപത്രി വികസന സമിതികളുടെ ഫണ്ടിൽ നിന്നുള്ള തുകയും ഇക്കാര്യത്തിനായി ഉപയോഗപ്പെടുത്തിവരുന്നു.

കടക്കെണി സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

149 [3110] *ശ്രീ കെ. പി. മോഹനൻ:*
,, *എ. സി. ഷൺമുഖദാസ്:*
ഡോ. കെ. സി. ജോസഫ്:
ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/609/2012—24

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനം ഗുരുതരമായ കടക്കെണിയിലേക്കാണ് നീങ്ങുന്നതെന്ന് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുക്കടം റവന്യൂ വരവിന്റെ മൂന്നിരട്ടിയിലേറെ ആകാൻ കാരണമെന്ത് എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് സർക്കാരിന്റെ വിശദീകരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ കടക്കെണിയിൽനിന്നും കരകയറാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ മേഖലയിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചതിനാലുണ്ടായ അധിക ചെലവുമൂലം റവന്യൂ അക്കൗണ്ടിൽ വന്ന കമ്മി നികത്തുന്നതിനായി കടമെടുക്കേണ്ടിവന്നതും സർക്കാർ ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ പുതിയ ക്ഷാമബത്ത അനുവദിച്ചതും ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചതുമൂലം പബ്ലിക് അക്കൗണ്ടിലുണ്ടായ വർദ്ധനവും ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി വാങ്ങിയ ഇനത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തു തീർക്കാനുള്ള ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത് പവർ ബോണ്ടുകൾ ഇഷ്യൂ ചെയ്തതുമൂലവും ട്രഷറിയിൽ സേവിംഗ്സ് ഡെപ്പോസിറ്റായി കൂടുതൽ തുക ലഭിച്ചതുമാണ് 2003-04-ൽ പൊതുകടം റവന്യൂ വരവിന്റെ മൂന്നിരട്ടിയിലേറെ ആകാൻ കാരണം.

(സി) വികസനേതര റവന്യൂ ചെലവ് കുറച്ചുകൊണ്ടും ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന റവന്യൂ വരുമാനം പൂർണ്ണമായും പിരിച്ചെടുത്തുകൊണ്ടും റവന്യൂകമ്മിയും ധനകമ്മിയും കുറച്ചുകൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

സർക്കാർ വാഹനങ്ങൾ വാങ്ങുന്നതിന് ചെലവാക്കാവുന്ന പരമാവധി തുക

150 [3111] *ശ്രീ കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, കോർപ്പറേഷൻ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഓഫീസ് ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആകെ എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly